## കേരള സർക്കാർ
## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ക്വാർട്ടേഴ്സുകൾക്ക് വാടക തുക അനുവദിക്കുന്നതിന് മുനിസ്സിപ്പാലിറ്റി/കോർപ്പറേഷൻ കൗൺസിലുകൾക്ക് തീരുമാനം എടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്

സ.ഉ. (കൈ.) നം.15/2017/തസ്വഭവ. തീയതി, തിരുവനന്തപുരം,16/01/2017.

---

പരാമർശം :- 1. നഗരകാര്യ ഡയറക്ടറുടെ 15.05.2015, 10.09.2015, 16.04.2016 തീയതികളിലെ ഇ 2-19738/15 നമ്പർ കത്തുകൾ.

2. കേരള സംസ്ഥാന ആഡിറ്റ് വകുപ്പ് ഡയറക്ടറുടെ 09.09.2015 തീയതിയിലെ കെ.എസ്.എ.9245/ആർ.1/2015 നമ്പർ കത്ത്.

### ഉത്തരവ്

നഗരകാര്യ ഡയറക്ടറുടേയും കേരള സംസ്ഥാന ആഡിറ്റ് വകുപ്പ് ഡയറക്ടറുടേയും മേൽ പരാമർശിത കത്തുകളിലെ ശുപാർശ/റിപ്പോർട്ട് പരിഗണിച്ച്, സ്വന്തമായി ക്വാർട്ടേഴ്സുകൾ ലഭ്യമല്ലാത്ത മുനിസ്സിപ്പാലിറ്റി/കോർപ്പറേഷനുകളിലെ സെക്രട്ടറിമാർക്ക് വാടകയ്ക്ക് ക്വാർട്ടേഴ്സുകൾ ലഭ്യമാക്കുമ്പോൾ, തനത് ഫണ്ടിൽ നിന്ന് വാടകയിനത്തിൽ ചെലവഴിക്കുന്ന തുകയ്ക്ക് പരിധി നിശ്ചയിച്ചുകൊണ്ട്, ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് തനത് ഫണ്ടിൽ നിന്ന് വാടക തുക അനുവദിക്കുന്നതിന് മുനിസ്സിപ്പാലിറ്റി/കോർപ്പറേഷൻ കൗൺസിലുകൾക്ക് തീരുമാനം എടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്.മോഹൻദാസ്**
**ജോയിന്റ് സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.
എല്ലാ കോർപ്പറേഷൻ മേയർ/നഗരസഭാ ചെയർമാൻ/ചെയർപേഴ്സൺമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഈ ഉത്തരവ്

വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ധനകാര്യ വകുപ്പ് (DEV-3/427/2015-FIN നമ്പർ പ്രകാരം)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.